# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**

**മുല്ലശ്ശേരി ബ്ലോക്ക്**

**വെങ്കിടങ് പഞ്ചായത്ത്**

**വാർഡ് -6 കണ്ണോത്**

---

## മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

**2018-19**

---

# ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

**സവിശേഷതകൾ**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് 17(2)-ാം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ രണ്ട് പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രകിയ്ക്ക് കണ്ടെത്താൻ

കഴിയുന്നു. എല്ലാ വാർഡുകളിലും വർഷത്തിൽ രണ്ടു പ്രാവശ്യം വച്ച് തുടർച്ചായി ചെയ്യേണ്ട ഒന്നാണ് സോഷ്യൽ ഓഡിറ്റ്.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ വെങ്കിടങ് പഞ്ചായത്തിലെ വാർഡ് 6 ആയ കണ്ണോത്തിൽ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ഓഡിറ്റിന് വിധേയമാക്കിയത് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനേയും തൊഴിലാളികളേയും ഗ്രാമസഭ അംഗങ്ങളേയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ ടെസ്റ്റ് സോഷ്യൽ ഓഡിറ്റ് .തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്നു.

### 1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1 )

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്.

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കയായാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്. തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ കൃത്രിമമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു. വാർഡിൽ ആകെ 178 തൊഴില കാർഡുകൾ ആണ് ഉള്ളത്. അതിലെ നാല്പതോളം പേർ തൊഴിലാളികൾ ആണ്. ബാകി ഉള്ളവർ പല കാരണങ്ങൾ തൊഴിലിനു വരാൻ സാധിക്കാത്തവർ, വ്യക്തിഗത പ്രവൃത്തികൾക്കായി തൊഴിൽ കാർഡ് എടുത്തവർ, ഭൂവുടമകൾ എന്നിവരാണെന്ന് മനസിലാകുന്നു.

### .2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം.

**(Schedule 1 Para 11)**

തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുവാനും തീയതി വച്ച രസീത് കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള

ഏതൊരു അംഗത്തിനും അവിദഗ്ധ കായിക തൊഴിലിയൂനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈ വാർഡിൽ തൊഴിലാളികൾ ഗ്രൂപ്പായും ഒറ്റയായും മേറ്റിലൂടെ തൊഴിൽ ആവശ്യപ്പെട്ടു വരുന്നുണ്ട്. ഗ്രൂപ്പ് ഡിമാൻഡ് ഫോം ഉണ്ടെങ്കിലും തീയതി വ്യക്തമാക്കത്തിനാൽ 15 ദിവസത്തിന് അകത്തു തന്നെ തൊഴിൽ ലഭിച്ചോ എന്ന് വ്യക്തമല്ല. പഞ്ചായത്ത് ഫ്രന്റ് ഓഫീസിൽ തൊഴിലിനു അപേക്ഷിച്ചാൽ കൈപറ്റു രസീതി ലഭിക്കാറുള്ളതായി മേറ്റുമാർ പറയുകയുണ്ടായി.

### 3 തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതി യും ലഭിക്കൻ അവകാശമുണ്ട്.

### 4. പ്രവർത്തികൾ കണ്ടെത്തി നൽകാനുള്ള അവകാശം . (Schedule 1 Para 9 )

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്.

നിലവിൽ ഗ്രാമസഭയുടെ ഇടപെടൽ പ്രവൃത്തി തിരഞ്ഞെടുക്കുന്നതിൽ ഉള്ളതായി മനസിലാകുവാൻ സാധിക്കുന്ന രേഖകൾ ഗ്രാമ സഭ മിനിട്ട്സിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ആക്ഷൻ പ്ലാൻ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കുന്നതായി രേഖകളിൽ നിന്നും മനസിലാകുവാൻ കഴിഞ്ഞു.

### 5.അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

### 6.പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം(Schedule 2 Para 23 )

പട്ടിക 2 ഭാഗം. 23 പ്രകാരം പ്രവർത്തി സ്ഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രൂഷ കിറ്റുകൾ , 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത് ശുദ്ധമായ കുടിവെള്ളം, ഫസ്റ്റ് എയ്ഡ് ബോക്സ്, , എന്നിവക്കുള്ള അവകാശം. കൂടാതെ തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിന്റെ ചികിൽസ ചെലവും ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.

### 7.കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2 Para 29 )

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. നിയമം അനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

**8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം**

അവസാന പ്രവൃത്തി ദിവസത്തിന്റെ 15-ാം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേതനത്തിന്റെ 0.05% അധിക വേതനം ലഭിക്കാനുള്ള അവകാശം.

പട്ടിക 2 പാര 29 അനുസൃതമായി പതിനഞ്ചു ദിവസത്തിനകം തൊഴിൽ വേതനം ലഭ്യമായില്ലെങ്കിൽ വേതന താമസത്തിനു 0.05 ശതമാനം നിരക്കിൽ അധിക വേതനം ലഭ്യമാകേണ്ടതാണ്.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം**

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതിൽ പങ്കാളിയാകുന്നതിനുള്ള അവകാശം.

# പ്രവർത്തികളുടെ പരിശോധന വിവരണം

## ജല സംരക്ഷണ പ്രവർത്തികൾ

1, ഹൈലവൽ കനാലിൻെറ വശങ്ങളിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് ശക്തിപ്പെടുത്തൽ ഭാഗം 4 (1607010004/WC/288262)

2, മണൽപുഴ കണ്ണോത്ത് കോൾപടവ് ജലസേചന ചാൽ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും ഭാഗം 1 (1607010004/IC/213058)

3, ഏലമുത കോൾപടവ് ജലസേചന ചാൽ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും ഭാഗം 1 (1607010004/IC/213060)

- ഫയൽ പരിശോധനയിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നത് , ഹൈലവൽ കനാലിൻെറ വശങ്ങളിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് ശക്തിപ്പെടുത്തൽ ഭാഗം 4 (1607010004/WC/288262 എന്ന പ്രവൃത്തി ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നതും മറ്റു രണ്ടു പ്രവർത്തികൾ (1607010004/IC/213058, 1607010004/IC/213060) പൂർത്തീകരിച്ചതുമാണ് എന്നാണ്.
- മൂന്ന് പ്രവൃത്തികൾക്കുമായി എസ്റ്റിമേറ്റിൽ 717926/- രൂപയും 2692 തൊഴിൽ ദിനങ്ങളും വകയിരുത്തിയതായി കാണുന്നു. എന്നാൽ പ്രവൃത്തി ഫയൽ പരിശോധനയിൽ 831തൊഴിൽ ദിനങ്ങൾ നൽകിയതായും 235356 രൂപ ചിലവഴിച്ചതായും കാണുന്നു.
- ഹൈ ലെവൽ കാണലിൽന്റെ വശങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ശ്ക്തിപ്പെടുത്താൽ എന്ന പ്രവർത്തിക്കായി 243 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഇതിലൂടെ വേതനമായി 67068 രൂപ

നലകിയിരിക്കുന്നു. എന്നാൽ ഈ പ്രവർത്തിക്കായി കയർ ഭൂവസ്ത്രം വാങ്ങിയതായോ, ഉപയോഗിച്ചതായോ കാണുന്നില്ല. അതിനാൽ ഇ പ്രവൃത്തി മൂലം ഉണ്ടാകേണ്ടിയിരുന്ന ലക്ഷ്യമോ ഗുണഫലമോ കൈ വരിച്ചതായി കാണുന്നില്ല. അതുകൊണ്ട് തന്നെ 67068/- രൂപ ഒരു ബാധ്യതയായി കണക്കാക്കവുന്നതാണ്.

- ഈ മൂന്ന് പ്രവൃത്തികളുടെ CIB വെള്ളം ഉയർന്നു നിന്നിരുന്നതിനാൽ കാണുവാൻ സാധിച്ചില്ല എങ്കിലും CIB അവിടെ ഉണ്ടായിരുന്നതായി പ്രദേശവാസികളിൽ നിന്നും അറിയുവാൻ കഴിഞ്ഞു.

## വ്യകതിഗത പ്രവർത്തികൾ

4, കണ്ണോത്ത് പ്രദേശത്ത് എെ എച്ച് എച്ച് എല് നിര്മ്മാണം ഭാഗം 1 (1607010004/RS/334902)വള്ളിയമ്മു ഗോപി

5, കണ്ണോത്ത് പ്രദേശത്ത് എെ എച്ച് എച്ച് എല് നിര്മ്മാണം ഭാഗം 3 (1607010004/RS/335066)ആസിയ

6, കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം2 (1607010004/IF/340726)ചെറകാളി

7, കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 3 (1607010004/IF/369822)ഷെരീഫ മനാഫ്

8, കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തികസഹായം വഴി ലഭിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 1 (1607010004/IF/340724)ബിന്ദു പാലീരൻ

9, കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 4 (1607010004/IF/369823)ആയിഷാബി

- ഓഡിറ്റിന് വിധേയമാക്കിയ 6 വ്യക്തിഗത പ്രവർത്തികളിൽ ആറെണ്ണവും ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്ന പ്രവർത്തിയാണ്.
- ഈ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരം 420 തൊഴിൽ ദിനങ്ങളും 121560 രൂപയും അനുവദിച്ചിരിക്കുന്നതായി കാണുന്നു.
- പ്രവൃത്തി ഫയൽ പ്രകാരം ഇതുവരേക്കും ചിലവഴിച്ചിരിക്കുന്നത് 85907 രൂപയും 317 തൊഴിൽ ദിനങ്ങളുമാണ്.
- ഇതിൽ ബിന്ദു പാലീരൻ എന്ന വ്യക്തിയുടെ ഗൃഹം 7 ആം വാർഡിലും ആയിഷാബി എന്ന വ്യക്തിയുടേത് 12 ആം വാർഡിലും ആണ്. മറ്റു പ്രവർത്തികൾ എല്ലാം തന്നെ ആറാം വാർഡിലാണ്.

### ഭൂവികസന പ്രവർത്തികൾ

10, വെങ്കിടങ്ങ് നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെ ദുർബലജനവിഭാഗങ്ങളുടെ പുരയിടങ്ങളിലെ സമഗ്രഭൂവികസനം (1607010004/IF/369540)

11, പാടൂർ നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെചെറുകിടനാമമാത്രകർഷകരുടെഭൂമിയിൽസമഗ്രഭൂവികസനം2 (1607010004/IF/385666)

12, വെങ്കിടങ്ങ് നീർതടത്തിലെ കണ്ണോത്ത് പ്രദേശത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ സമഗ്ര ഭൂവികസനം 1607010004/IF/306618

- മൂന്ന് ഭൂവികസന പ്രവൃത്തികളിലായി 1778 തൊഴിൽ ദിനമാണ് സൃഷ്ടിക്കുകയും 522984 രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.
- എസ്റ്റിമേറ്റ് പ്രകാരം 2189 തൊഴിൽ ദിനങ്ങളും 622489 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്.
- വെങ്കിടങ്ങ് നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെ ദുർബലജനവിഭാഗങ്ങളുടെ പുരയിടങ്ങളിലെ സമഗ്രഭൂവികസനം (1607010004/IF/369540), പാടൂർ നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെചെറുകിടനാമമാത്രകർഷകരുടെ ഭൂമിയിൽസമഗ്രഭൂവികസനം 2 (1607010004/IF/385666) എന്നി പ്രവർത്തികളുടെ CIB പ്രവൃത്തി സ്ഥലത്തു ഉണ്ടായിരുന്നു. , വെങ്കിടങ്ങ് നീർതടത്തിലെ കണ്ണോത്ത് പ്രദേശത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ സമഗ്ര ഭൂവികസനം (1607010004/IF/306618) എന്നാൽ പ്രവർത്തിയുടെ CIB കാണുവാൻ സാധിച്ചില്ല.
- 52 പേരുടെ പറമ്പുകളിലായി 26389 പൊലി, 7499 വരമ്പ് എന്നിങ്ങനെ രേഖപ്പെടുത്തിയ പേപ്പേഴ്‌ കണ്ടു എങ്കിലും അതിൽ ആരും സാക്ഷ്യപെടുത്തിയിട്ടില്ല. ഫീൽഡ് സന്ദർശന വേളയിൽ ഇവയൊന്നും നിഷ്കർഷിച്ച അളവുകളിലോ എണ്ണത്തിലോ കാണുവാൻ സാധിച്ചട്ടില്ല.

- വരമ്പ് എന്ന പ്രവർത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തെങ്ങിന് തടം എടുക്കൽ ആണെന്ന് മനസിലാക്കുന്നു. തെങ്ങിന് തടം എടുക്കൽ, പൊലി കൂട്ടൽ/ തട്ടൽ തുടങ്ങിയവ വർഷാവർഷം തുടർച്ചയായി ചെയ്യേണ്ടതായ പ്രവൃത്തികൾ ആണ്.

## ഫയൽ പരിശോധന

1. ജോബ് കാർഡ് രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ & വേതന രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ഫിക്സഡ് അസറ്റ് രജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

ജോബ് കാർഡ് രജിസ്റ്റർ, ഗ്രാമസഭ രജിസ്റ്റർ, വർക്ക് രജിസ്റ്റർ, പരാതിരജിസ്റ്റർ, ഫിക്സഡ് അസറ്റ് രജിസ്റ്റർ , മെറ്റീരിയൽ രജിസ്റ്റർ എന്നിവയാനി പരിശോധനക് ലഭ്യമായത്. പഞ്ചായത്തിലെ പൊതുഗ്രമസഭ രജിസ്റ്റർ ആണ് സൂക്ഷിച്ചിരുന്നത്. പരാതി രെജിസ്റ്ററിൽ പരാതികൾ ഉണ്ടായിരുന്നില്ല. ആസ്തി രെജിസ്റ്ററിൽ അസ്ഥിയുടെ ID നമ്പർരേഖപ്പെടുത്തിയിട്ടില്ല. മറ്റു രെജിസ്റ്ററുകൾ എല്ലാം MIS കോപ്പി ആയിരുന്നു.

## പ്രവർത്തി ഫയലിലെ 22 രേഖകൾ

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു പ്രവർത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാക്കേണ്ടതാണ്.

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും
5) ഭരണാനുമതിയുടെയും സാമ്പത്തികാനുമതിയുടെയും കോപ്പി
6) സാങ്കേതിക അനുമതിയുടെ കോപ്പി
7) കൺവെർജൻസ് വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള നോട്ടീസിന്റെ കോപ്പി
10) പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി
11) മെഷർമെന്റ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്കെന്റിന്റെയും മെറ്റീരിയൽ സപ്ലേ ഓർഡറിന്റെയും കോപ്പി
13) വേജ്‌ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റയും എഫ്.റ്റി.ഒ യുടെയും കോപ്പി
15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16) റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി
17) മൂന്ന് ഘട്ടങ്ങൾ ആയുള്ള തൊഴിലിന്റെ ഫോട്ടേകൾ
18) പൂർത്തികരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി
19) മസ്റ്റ് റോൾ മൂവ്മെന്റ് സ്ലിപ്പ്
20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ
21) സോഷ്യൽ ഓഡിറ്റിന്റെ റിപ്പോർട്ട് കോപ്പി
22) സൈറ്റ് ഡയറി

- ✓ കവർ പേജ്, TS , എസ്റ്റിമേറ്റ് ,മസ്റ്റർ റോൾ, എം ബുക്ക് എന്നിവ എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.
- ✓ മെറ്റീരിയൽ വൗച്ചർ, 3 ഘട്ടങ്ങളിലെ ഫോട്ടോസ്, ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോസ് എന്നിവ ഒരു ഫയിലിലും കാണുവാൻ സാധിച്ചില്ല.

## CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്ഓരോ . പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട് ഇരുമ്പ് .,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ് .

വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി നിർമ്മാണ ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. CIB അടങ്ങുന്ന ഒരു ഫോട്ടോ പ്രവൃത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

## റോസ്ഗാർദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും

അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്. റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിൻറെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

## കണ്ടെത്തലുകൾ

- ഓഡിറ്റ് ചെയ്യപ്പെട്ട 12 പ്രവർത്തികളിൽ 4 പ്രവർത്തികൾ പൂർത്തീകരിച്ചതും 8 പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നതും ആണ്.
- ഭൂവികസന പ്രവർത്തികൾ, നീർച്ചാലുകൾ ആഴം കൂട്ടൽ എന്നി പ്രവർത്തികൾ ആണ് ഇ വാർഡിൽ പ്രധാനമായും ചെയ്തതായി കാണുന്നത്.
- തിട്ടു വരമ്പ് എന്നിവ ചെയ്തതായി പറയുന്നുണ്ടെങ്കിലും അവയൊന്നും തന്നെ അളക്കുവാൻ സാധിക്കുന്ന തരത്തിലുള്ളതയിരുനില്ല.
- 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ മഴയും വെള്ളപൊക്കവും ഭൂവികസന പ്രവർത്തികളെയും ജലസംരക്ഷണ പ്രവർത്തികളെയും സാരമായി ബാധിച്ചതായി കാണുന്നു.
- തെങ്ങിനു ചുറ്റും വരമ്പ് ഉണ്ടാകുക, പൊലി കൂട്ടുക തുടങ്ങിയ പ്രവർത്തികൾ വർഷ വർഷം ചെയ്യേണ്ടതായ പ്രവർത്തിയാണ്. എന്നാൽ തൊഴിലുറപ്പ് നിയമം Sec 4(3) Para 4(3) അനുസരിച്ച് ആവർത്തന സ്വഭാവമുള്ള പ്രവർത്തികൾ ചെയ്യുവാൻ സാധ്യമല്ല.
- ആനുൽ ആക്ഷൻ പ്ലാനിനു പുറമെ ഷെൽഫ് ഓഫ് പ്രോജക്റ്റും വർഷാവർഷം ഉണ്ടാക്കുന്നതായി കാണുന്നു.

## നിർദേശങ്ങൾ

- കാലാനുസൃതമായി തൊഴിൽ ചെയ്യേണ്ടതുണ്ട്, എങ്കിൽ മാത്രമേ പ്രവർത്തി യുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാകു.

- ഷെൽഫ് ഓഫ് പ്രൊജക്റ്റ്, ആനുവൽ ആക്ഷൻ പ്ലാൻ എന്നിവ പ്രായോഗികമായി തയ്യാർ ചെയ്യുകയും നടപ്പിലാക്കുകയും വേണം
- തൊഴിൽ ആവശ്യപ്പെടുന്ന തൊഴിലാളികൾക്കു രസീതി നൽകുന്നതു നിർബന്ധമാക്കേണ്ടതുണ്ട്.
- മസ്റ്റർ റോളുകൾ തിരുത്തലുകൾ ഇല്ലാതെ പൂർണമായും പൂരിപ്പിച്ചിരിക്കേണ്ടതാണ്.
- AMC പ്രകാരം തയ്യാർ ചെയ്തിട്ടുള്ള CIB പ്രവൃത്തി സ്ഥലങ്ങളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- പ്രഥമ ശുസ്രൂഷ കിറ്റുകളിൽ ഉണ്ടായിരിക്കേണ്ട മരുന്നുകളെ കുറിച്ചും അതിനു തുക ചിലവഴിക്കേണ്ട രീതിയെ കുറിച്ചും വ്യക്തത വരുത്തേണ്ടതുണ്ട്.
- തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ മാസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയുള്ളതായി ഫീൽഡ് സന്ദർശനത്തിൽ വ്യക്തികൾ ഉന്നയിച്ചിരുന്നു.
- മേറ്റുംമാർക്ക് തൊഴിൽ കാർഡ്, സൈറ്റ് ഡയറി എന്നിവ പൂരിപ്പിക്കുന്നത് സംബന്ധിച്ച് സംശയങ്ങൾ ഉള്ളതായി കാണുന്നു.
- മേറ്റുംമാർക്ക് ഏകദിന സെമിനാറുകൾ ട്രെയിനിങ്ങുകൾ എന്നിവ സംഘടിപ്പിക്കുന്നത് തൊഴിൽ നിലവാരം ഉയർത്താൻ സഹായകമായിരിക്കും.

## സംഗ്രഹം

ഓഡിറ്റ് കാലയളവിൽ നടന്നിട്ടുള്ള പന്ത്രണ്ടു പ്രവൃത്തികൾക്കായി 844247/- രൂപയാണ് ചെലവ് വന്നിരിക്കുന്നത്. ഇതിലൂടെ 2926 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഇതിൽ 85907/- രൂപ വ്യക്തിഗത പ്രവൃത്തികൾക്കായി ചിലവഴിച്ചിരിക്കുന്നു. 758340/- രൂപയാണ് പൊതു പ്രവൃത്തികൾക്കായി ചിലവഴിച്ചിരിക്കുന്നത്, ഇതുവഴി 2609 പ്രവൃത്തി ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടുണ്ടെങ്കിലും പ്രവൃത്തി സ്ഥല പരിശോധനയിൽ ഈ തുക ചിലവഴിച്ചതിനുള്ള മൂല്യം കാണുവാൻ സാധിച്ചട്ടില്ല. 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ വെള്ളപ്പൊക്കം ഈ അവസരത്തിൽ പരിഗണിക്കാവുന്നതാണ്

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീരുമാനങ്ങൾ

1. തൊഴിൽ കാർഡും തൊഴിലും ഫ്രണ്ട് ഓഫീസ് വഴി അപേക്ഷിക്കുവാനും ആയതിനു തൊഴിലാളിക്ക് രസീത് നൽകുവാനും തീരുമാനിച്ചു.
2. റോസ്‌കാർ ദിവസം എല്ലാ മാസവും നടത്തി തൊഴിലാളികളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു പരിഹാര നടപടികൾ നടത്താമെന്നു തീരുമാനിച്ചു.
3. **CIB** എല്ലാ പ്രവൃത്തി സ്ഥലങ്ങളിലും മാനദണ്ഡ പ്രകാരം വയ്ക്കാമെന്നു തീരുമാനിച്ചു.
4. തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ തന്നാൽ ലഭ്യമാകുന്നതിനു ടാർപോളിൻ**,** പ്രഥമ ശുസ്രൂക്ഷകിറ്റുകൾ എന്നിവ ഏർപ്പെടുത്താൻ തീരുമാനിച്ചു.
5. ഭൂവികസന പ്രവർത്തികൾ ആസ്തി വികസനം ലക്ഷ്യമാക്കി കൃഷിക്ക് അനുയോജ്യമായ രീതിയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

.

| No | Work Code | WORK NAME | starting date | complete date | Estimate Amount | Actual amount | Estimated Mandays | actual Mandays |
|---|---|---|---|---|---|---|---|---|
| 1 | 1607010004/WC/288262 | ഹൈലവൽ കനാലിൻ്െറ വശങ്ങളിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് ശക്തിപ്പെടുത്തൽ ഭാഗം 4 | 03-10-2018 | ongoing | 509926 | 67068 | 1976 | 243 |
| 2 | (1607010004/IC/213058) | മണൽപുഴ കണ്ണോത്ത് കോൾപടവ് ജലസേചന ചാൽ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും ഭാഗം 1 | 03-10-2018 | 18-10-2018 | 104000 | 70344 | 358 | 244 |
| 3 | (1607010004/IC/213060) | ഏലമുത കോൾപടവ് ജലസേചന ചാൽ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും ഭാഗം 1 | 22-10-2018 | 14-11-2018 | 104000 | 97944 | 358 | 344 |
| 4 | (1607010004/RS/334902) | കണ്ണോതത് പ്രദേശത്ത് എംെ എച്ച് എച്ച് എല് നിര്മ്മാണം ഭാഗം 1 | 25-10-2018 | ongoing | 12000 | 5962 | 30 | 22 |
| 5 | (1607010004/RS/335066) | കണ്ണോത്ത് പ്രദേശത്ത് എംെ എച്ച് എച്ച് എല് നിര്മ്മാണം ഭാഗം 3 | 16-03-2019 | ongoing | 12000 | 7859 | 30 | 29 |
| 6 | (1607010004/IF/340724) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തികസഹായം വഴി ലഭിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 1 | 02-11-2018 | ongoing | 24390 | 20596 | 90 | 76 |
| 7 | (1607010004/IF/340726) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം2 | 02-11-2018 | ongoing | 24390 | 20596 | 90 | 76 |
| 8 | (1607010004/IF/369822) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 3 | 29-11-2018 | ongoing | 24390 | 16802 | 90 | 62 |
| 9 | (1607010004/IF/369823) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 4 | 06-12-2018 | ongoing | 24390 | 14092 | 90 | 52 |
| 10 | (1607010004/IF/385666) | പാടൂർ നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെചെറുകിടനാമമാത്രകർഷകരുടെഭൂമിയിൽസമഗ്രഭൂവികസനം2 | 27-02-2019 | ongoing | 208500 | 154008 | 742 | 558 |
| 11 | 1607010004/IF/306618 | വെങ്കിടങ്ങ് നീര്തടത്തിലെ കണ്ണോത്ത് പ്രദേശത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ സമഗ്ര ഭൂവികസനം | 21-01-2019 | 25-02-2019 | 207500 | 194820 | 738 | 589 |
| 12 | (1607010004/IF/369540) | വെങ്കിടങ്ങ് നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെ ദുർബലജനവിഭാഗങ്ങളുടെ പുരയിടങ്ങളിലെ സമഗ്രഭൂവികസനം | 24-01-2018 | 20-01-2019 | 206489 | 174156 | 709 | 631 |

| Work code | work name | Cover Page | Check List | Action Plan | Estimate | Design | TS | AS | Convergence | Demand | Allocati | Muster Roll | M.Book | al Purcha | Wage List | FTO | al Vouche | Royalty | Photog | Completion | roll movem | Geo Tag photo | Social Audit report | Site Diary |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1607010004/WC/288262 | ഹൈലവൽ കനാലിൻെറ വശങ്ങളിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് ശക്തിപ്പെടുത്തൽ ഭാഗം 4 | Yes | No | No | Yes | No | Yes | No | NA | No | No | Yes (1) | Yes | No | Yes (1) | No | No | NA | No | No | Yes (1) | No | No | No |
| (1607010004/IC/213058) | മണൽപുഴ കണ്ണോത്ത് കോൾപടവ് ജലസേചന ചാൽ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും ഭാഗം 1 | Yes | No | Yes | Yes | Yes | Yes | Yes | NA | Yes | No | yes(2) | Yes | No | Yes (2) | No | No | NA | No | Yes | Yes (2) | No | No | No |
| (1607010004/IF/340724) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തികസഹായം വഴി ലഭിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 1 | Yes | Yes (blank sheet) | No | Yes | No | Yes | Yes | No | No | No | Yes (6) | Yes | No | Yes (1) | No | No | NA | No | No | Yes (5) | No | no | No |
| (1607010004/RS/334902) | കണ്ണോതത് പ്രദേശത്ത് എംെ എച്ച് എച്ച് എല് നിർമ്മാണം ഭാഗം 1 | Yes | No | No | Yes | No | Yes | Yes | NA | No | No | Yes (2) | Yes | No | Yes (1) | No | No | NA | No | No | Yes (2) | No | No | No |
| (1607010004/IC/213060) | ഏലമുത കോൾപടവ് ജലസേചന ചാൽ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും ഭാഗം 1 | Yes | Yes (blank sheet) | Yes | Yes | yes | Yes | Yes | NA | Yes | No | Yes (3) | Yes | No | Yes (3) | Yes (2) | No | NA | No | Yes | No | No | No | Yes |
| (1607010004/IF/340726) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം2 | Yes | No | Yes | Yes | No | Yes | Yes | No | No | No | Yes (6) | Yes | No | Yes (1) | No | No | NA | No | No | Yes (4) | No | No | No |
| (1607010004/IF/369822) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 3 | Yes | Yes | Yes | Yes | No | Yes | Yes | No | No | No | Yes (5) | Yes | No | Yes (1) | No | No | NA | No | No | Yes (2) | No | No | No |
| (1607010004/IF/369540) | വെങ്കിടങ്ങ് നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെ ദുർബലജനവിഭാഗങ്ങളുടെ പുരയിടങ്ങളിലെ സമഗ്രഭൂവികസനം | yes | Yes (blank sheet) | Yes | Yes | Yes | Yes | Yes | NA | Yes | No | Yes (8) | Yes | No | Yes (3) | yes (3) | No | NA | No | No | No | No | No | Yes |
| (1607010004/IF/369823) | കണ്ണോത്ത് പ്രദേശത്തെ സർക്കാർ സാമ്പത്തിക സഹായം വഴി ലഭിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഭാഗം 4 | Yes | No | No | Yes | No | Yes | No | No | No | No | Yes (3) | Yes | No | No | No | No | NA | No | No | Yes (2) | No | No | No |
| (1607010004/IF/385666) | പാടൂർ നീർത്തടത്തിലെ കണ്ണോത്ത് പ്രദേശത്തെചെറുകിടനാമമാത്രകർഷകരുടെഭൂമിയിൽസമഗ്രഭൂവികസനം2 | Yes | Yes (blank sheet) | Yes | Yes | Yes | yes | Yes | No | Yes | No | Yes (4) | Yes | No | Yes (3) | Yes (3) | No | NA | No | Yes | No | No | No | No |
| (1607010004/RS/335066) | കണ്ണോത്ത് പ്രദേശത്ത് എംെ എച്ച് എച്ച് എല് നിർമ്മാണം ഭാഗം 3 | Yes | No | No | Yes | No | Yes | No | No | No | Yes | Yes (3) | Yes | No | No | No | No | NA | No | No | No | No | No | No |
| 1607010004/IF/306618 | വെങ്കിടങ്ങ് നീർതടത്തിലെ കണ്ണോത്ത് പ്രദേശത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ സമഗ്ര ഭൂവികസനം | Yes | Yes | Yes | Yes | No | Yes | yes | NA | No | No | Yes (5) | Yes | No | Yes (3) | Yes (3) | No | NA | No | Yes | No | No | No | No |